# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.13</u> <u>06.01.2014 ൽ മറുപടിയ്ക്ക്</u>

## ഒന്നാംഘട്ട ജനസമ്പർക്ക പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വർക്കല കഹാർ<br>" വി.പി. സജീന്ദ്രൻ<br>" ലൂഡി ലൂയിസ്<br>" പി.സി.വിഷ്ണുനാഥ് | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
|---|---|
| എ) ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി യുടെ വിലയിരുത്തൽ ജില്ലാതലത്തിൽ നടത്തിയിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയുടെ പുരോഗതി വിലയിരുത്തി മാസാന്ത്യ പുരോഗതി റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ ജില്ലാതല ഓഫീസർമാർക്കും നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. |
| ബി) ഇതു വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) ജനസമ്പർക്ക പരിപാടി വഴി ഭരണ സംവിധാനത്തെ സാധാരണ ജനങ്ങൾക്ക് നേരിട്ട് പ്രാപ്യമാക്കുവാനും അവരുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണുവാനുമാണ് ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| സി) ജനസമ്പർക്ക പരിപാടി മുഖേന ലഭിക്കുന്ന പരാതികളിൽ പരിഹാരം കാണുവാൻ ഭരണപരമായ നടപടിക്രമങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;<br><br>ഡി) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | സി & ഡി മുഖ്യമന്ത്രിയുടെ ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചപ്പോൾ നിലവിലുള്ള ചില ചട്ടങ്ങളും ഉത്തരവുകളും ഭേദഗതി ചെയ്യണമെന്ന് മനസ്സിലാക്കി. അതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം, ബി.പി.എൽ ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ്, വാർദ്ധക്യകാല, വിധവാ പെൻഷൻ എന്നിവ ലഭ്യമാക്കുന്നതു സംബന്ധിച്ചുള്ള സ്പഷ്ടീകരണം തുടങ്ങി 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

Kulakesh

സെക്ഷൻ ഓഫീസർ